പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 161

08-06-2015 – ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എസ്. ശർമ്മ:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മത്സ്യത്തൊഴിലാളി പെൻഷൻ വാങ്ങുന്ന എത്ര തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നവർ 44500 പേരും, അനുബന്ധത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ 5885 പേരും വിധവാ പെൻഷൻ ലഭിക്കുന്നവർ 8865 പേരും കൂടി മൊത്തം 59250 പേർക്ക് പെൻഷൻ ലഭിക്കുന്നു. |
| ബി) | ഇവർക്ക് നൽകുന്ന പെൻഷൻ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് വന്നിട്ടുള്ളതെന്നും എന്തു തുകയാണെന്നും വിശദമാക്കാമോ; | ബി) | ഉണ്ട്. മത്സ്യബോർഡ് മുഖേന നൽകി വരുന്ന പ്രതിമാസ പെൻഷൻ 600/- രൂപ വീതം 2015 ജനുവരി മുതൽ 2015 മെയ് മാസം ഉൾപ്പെടെ 5 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. 2015 ജനുവരി മുതൽ മെയ് മാസം വരെയുള്ള പെൻഷൻ വിതരണത്തിന് 18.97 കോടി രൂപ ആവശ്യമാണ്. |
| സി) | ഈ കുടിശ്ശിക എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ? | സി) | 2015 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള പെൻഷൻ വിതരണത്തിന് തുക അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ